***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി:06.04.2019

# രേഖകളിൽ കൃത്രിമം കാണിച്ച് ജോലിനേടിയ കേസിലെ പ്രതിയെ മൂന്ന് വർഷം തടവിന് ശിക്ഷിച്ചു.

രേഖകളിൽ കൃത്രിമം കാണിച്ച് ജോലി നേടിയ ആലുവ ഫോറസ്ററ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ സെക്യൂരിറ്റി ഗാർഡിനെ മൂന്ന് വർഷം കഠിന തടവിനും 75,000/- രൂപ പിഴ അടക്കുന്നതിനും ശിക്ഷിച്ചു. എറണാകുളം ജില്ലയിലെ ആലുവ സ്വദേശിയായ എൻ.ഗിരീഷ് കുമാറിനെയാണ് കുറ്റക്കാരനാണെന്ന് കണ്ട് മുവാറ്റുപുഴ വിജിലൻസ് കോടതി ജഡ്ജ് ശ്രീ.കലാം ബാഷ മൂന്ന് വർഷം കഠിന തടവിനും 75,000/- രൂപ പിഴ ഒടുക്കുന്നതിനും വിധിച്ചത്. ഫോറസ്ററ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ സെക്യൂരിറ്റി ഗാർഡായി ജോലിയിൽ പ്രവേശിക്കുവാൻ ഏഴാം ക്ലാസ്സ് പാസ്സാകണമെന്നിരിക്കെ , ഏഴാം ക്ലാസ് വരെ പഠനം നടത്തിയെങ്കിലും പരീക്ഷ എഴുതാത്ത പ്രതി ഏഴാം ക്ലാസ് പാസ്സായെന്ന് രേഖകൾ തിരുത്തി 1991 ൽ ജോലി സമ്പാദിച്ചു എന്നുള്ളതാണ് വിജിലൻസ് കേസ്.

വിജിലൻസ് എറണാകുളം യൂണിറ്റ് മുൻ DySP ശ്രീ.എ.സുനിൽ കുമാറിന്റെ നേതൃത്വത്തിലാണ് പ്രതിക്കെതിരെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത് . കേസിൽ പ്രോസിക്യൂഷന് വേണ്ടി അഡിഷണൽ ലീഗൽ അഡ്വൈസർ ശ്രീ.രഞ്ജിത് കുമാർ ഹാജരായി .